entri

monthly


# current affairs

february 2025



# INDEX


- ഗ്രാമി അവാർഡ്സ് 2025
- അണ്ടർ-19 വനിതാ ട്വന്റി-20 ലോകകപ്പ് 2025
- ബിസിസിഐ നമൻ അവാർഡ്സ് 2025
- ബിബിസി ഇന്ത്യൻ സ്പോർട്സ് വുമൺ
- അവാർഡ്സ് 2024
- സ്വരാജ് ട്രോഫി പുരസ്കാരങ്ങൾ 2023-24
- ജ്ഞാനപ്പാന പുരസ്കാരം 2025
- ലോകം
- ഇന്ത്യ
- കേരളം
- കായികം
- സാഹിത്യം
- മറ്റ് പുരസ്കാരങ്ങൾ
- ശാസ്ത്ര സാങ്കേതിക മേഖല
- ഇന്ത്യ - പദ്ധതികൾ
- കേരളം - പദ്ധതികൾ
- നിയമനങ്ങൾ
- വിയോഗം
- റാങ്കിങ്
- വേദികൾ
- സൈനികാഭ്യാസം
- പ്രധാന ദിനങ്ങൾ

## ഗ്രാമി അവാർഡ്സ് 2025

- 67-ാമത് ഗ്രാമി അവാർഡ്സ്
- ആൽബം ഓഫ് ദി ഇയർ - കൗബോയ് കാർട്ടർ (ബിയോൺസേ)

  → മികച്ച ആൽബത്തിന് പുരസ്കാരം നേടുന്ന ആദ്യ കറുത്ത വംശജനാണ് ബിയോൺസേ.

- റെക്കോർഡ് ഓഫ് ദി ഇയർ - നോട്ട് ലൈക് അസ് (കെൻഡ്രിക് ലാമർ)
- സോങ് ഓഫ് ദി ഇയർ - നോട്ട് ലൈക് അസ് (കെൻഡ്രിക് ലാമർ)
- മികച്ച നവാഗത കലാകാരി - ചാപ്പൽ റോൺ
- ബെസ്റ്റ് ന്യൂ ഏജ്, ആംബിയന്റ്/ ചാണ്ട് ആൽബം വിഭാഗത്തിൽ പുരസ്കാരം ലഭിച്ച ഇന്ത്യൻ അമേരിക്കൻ ഗായിക - ചന്ദ്രിക ടാൻഡൻ

  → ത്രിവേണി എന്ന ആൽബത്തിനാണ് പുരസ്കാരം.

  → വൗട്ടർ കെല്ലർമാൻ, എറു മറ്റ്സുമോട്ടോ എന്നിവർക്കൊപ്പമാണ് ചന്ദ്രിക പുരസ്കാരം നേടിയത്.

## അണ്ടർ-19 വനിതാ ട്വന്റി-20 ലോകകപ്പ് 2025

- അണ്ടർ-19 വനിതാ ട്വന്റി-20 ലോകകപ്പിന്റെ രണ്ടാമത് പതിപ്പ്
- വേദി - മലേഷ്യ
- കിരീട ജേതാക്കൾ - ഇന്ത്യ

- ഫൈനലിൽ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തിയാണ് ഇന്ത്യ കിരീടം സ്വന്തമാക്കിയത്.
- അണ്ടർ-19 ഇന്ത്യൻ വനിതാ ട്വന്റി-20 ടീമിന്റെ ക്യാപ്റ്റൻ - നിക്കി പ്രസാദ്
- ഫൈനലിലെ താരമായി തിരഞ്ഞെടുക്കപ്പെട്ടത് - ഗോങ്ഗാഡി തൃഷ (ഇന്ത്യ)
- ടൂർണമെന്റിന്റെ താരമായി തിരഞ്ഞെടുക്കപ്പെട്ടത് - ഗോങ്ഗാഡി തൃഷ (ഇന്ത്യ)
- തുടർച്ചയായി രണ്ടാം തവണയാണ് അണ്ടർ 19 ട്വന്റി-20 ലോകകപ്പ്  കിരീടം ഇന്ത്യ സ്വന്തമാക്കുന്നത്. 2023 ൽ നടന്ന പ്രഥമ അണ്ടർ 19 ട്വന്റി-20 ലോകകപ്പ് കിരീട ജേതാക്കളും ഇന്ത്യയായിരുന്നു.
- ഇന്ത്യൻ ടീമിലെ മലയാളി ക്രിക്കറ്റ് താരം - വി.ജെ. ജോഷിത
- അണ്ടർ 19 വനിതാ ടി20 ലോകകപ്പ് ചരിത്രത്തിൽ സെഞ്ച്വറി നേടിയ ആദ്യ താരം - ഗോങ്ഗാഡി തൃഷ

→ സ്കോട്ലൻഡിനെതിരായ മത്സരത്തിൽ 53 പന്തിലാണ് ഇന്ത്യൻ ക്രിക്കറ്റ് താരം തൃഷ സെഞ്ച്വറി കരസ്ഥമാക്കിയത്.

## ബിസിസിഐ നമൻ അവാർഡ്സ് 2025

- കേണൽ സികെ നായിഡു ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് - സച്ചിൻ ടെണ്ടുൽക്കർ

- മാതൃകാപരമായ അന്താരാഷ്ട്ര കരിയറിനോടുള്ള ആദരസൂചകമായി ബിസിസിഐ പ്രത്യേക അവാർഡ് നൽകി ആദരിച്ച മുൻ ഇന്ത്യൻ സ്പിൻ ബൗളർ
  - ആർ. അശ്വിൻ

- മികച്ച പുരുഷ അന്താരാഷ്ട്ര ക്രിക്കറ്റ് താരം (പോളി ഉമ്രിഗർ അവാർഡ്) - ജസ്പ്രീത് ബുംറ

- മികച്ച വനിതാ അന്താരാഷ്ട്ര ക്രിക്കറ്റ് താരം
  - സ്മൃതി മന്ദാന

- മികച്ച വനിതാ അന്താരാഷ്ട്ര അരങ്ങേറ്റ താരം
  - ആശ ശോഭന

- മികച്ച പുരുഷ അന്താരാഷ്ട്ര അരങ്ങേറ്റ താരം
  - സർഫറാസ് ഖാൻ

- ബിസിസിഐ ആഭ്യന്തര ടൂർണമെന്റുകളിലെ മികച്ച പ്രകടനത്തിനുള്ള അവാർഡ് - മുംബൈ

## ബിബിസി ഇന്ത്യൻ സ്പോർട്സ് വുമൺ അവാർഡ്സ് 2024

- ബിബിസി ഇന്ത്യൻ സ്പോർട്സ് വുമൺ ഓഫ് ദി ഇയർ
  - മനു ഭാക്കർ (ഷൂട്ടിങ് താരം)

- ബിബിസി പാരാ-സ്പോർട്സ് വുമൺ ഓഫ് ദി ഇയർ
  - അവനി ലേഖറ (പാരാ ഷൂട്ടിങ് താരം)

- ബിബിസി എമേർജിംഗ് പ്ലെയർ ഓഫ് ദി ഇയർ
  - ശീതൾ ദേവി (പാരാ അമ്പെയ്ത്ത് താരം)

- ബിബിസി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് - മിതാലി രാജ് (ക്രിക്കറ്റ് താരം)

## സ്വരാജ് ട്രോഫി പുരസ്കാരങ്ങൾ 2023-24

### ജില്ലാ പഞ്ചായത്ത്

- ഒന്നാം സ്ഥാനം - കൊല്ലം ജില്ലാ പഞ്ചായത്ത്
- രണ്ടാം സ്ഥാനം - തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

### ബ്ലോക്ക് പഞ്ചായത്ത് - സംസ്ഥാനതലം

- ഒന്നാം സ്ഥാനം - പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് (മലപ്പുറം)
- രണ്ടാം സ്ഥാനം - കൊടകര ബ്ലോക്ക് പഞ്ചായത്ത് (തൃശ്ശൂർ)
- മൂന്നാം സ്ഥാനം - നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (കാസർഗോഡ്)

### ഗ്രാമ  പഞ്ചായത്ത് - സംസ്ഥാനതലം

- ഒന്നാം സ്ഥാനം - വെളിയന്നൂർ ഗ്രാമ പഞ്ചായത്ത് (കോട്ടയം)
- രണ്ടാം സ്ഥാനം - ഉഴമലയ്ക്കൽ ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം)
- മൂന്നാം സ്ഥാനം - മറ്റത്തൂർ ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ)

## മുനിസിപ്പാലിറ്റി - സംസ്ഥാനതലം

- ഒന്നാം സ്ഥാനം - ഗുരുവായൂർ നഗരസഭ (തൃശ്ശൂർ)
- രണ്ടാം സ്ഥാനം - വടക്കാഞ്ചേരി നഗരസഭ (തൃശ്ശൂർ)
- മൂന്നാം സ്ഥാനം - ആന്തൂർ നഗരസഭ (കണ്ണൂർ)

## മുനിസിപ്പൽ കോർപ്പറേഷൻ

- ഒന്നാം സ്ഥാനം - തിരുവനന്തപുരം കോർപ്പറേഷൻ

## ജ്ഞാനപ്പാന പുരസ്കാരം 2025

- ഗുരുവായൂർ ദേവസ്വത്തിന്റെ 2025 ലെ ജ്ഞാനപ്പാന പുരസ്കാരത്തിന് അർഹനായ സാഹിത്യനിരൂപകൻ - പ്രൊഫ.കെ.പി. ശങ്കരൻ

→ 2024 ലെ ജ്ഞാനപ്പാന പുരസ്കാര ജേതാവ് - രാധാകൃഷ്ണൻ കാക്കശ്ശേരി

→ 2023 ലെ ജ്ഞാനപ്പാന പുരസ്കാര ജേതാവ് - വി. മധുസൂദനൻ നായർ

## ലോകം

- അഴിമതി വിരുദ്ധ പ്രതിഷേധത്തെ തുടർന്ന് 2025ൽ രാജി വെച്ച സെർബിയൻ പ്രധാനമന്ത്രി - മിലോസ് വുസെവിക്
- ഡീപ് സീക് എന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) മോഡൽ അവതരിപ്പിച്ച രാജ്യം - ചൈന

→ ചാറ്റ് ജിപിടി പോലെ എഐ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ചാറ്റ് ബോട്ടാണ് ഡീപ് സീക്.

→ 2023 ഡിസംബറിൽ ലിയാങ് വെൻഫെങ് ആണ് ഡീപ് സീക് എന്ന സ്റ്റാർട്ട് അപ്പ് സ്ഥാപിച്ചത്.

- 2025 ജനുവരിയിൽ ലോകാരോഗ്യ സംഘടന മലേറിയ വിമുക്തമായി ഔദ്യോഗികമായി സാക്ഷ്യപ്പെടുത്തിയ രാജ്യം - ജോർജിയ

- റിവർ ബ്ലൈൻഡ്നെസ്സ് എന്നറിയപ്പെടുന്ന ഓങ്കോസെർസിയസിസ് വിമുക്തമായി പ്രഖ്യാപിച്ച ആദ്യത്തെ ആഫ്രിക്കൻ രാജ്യം - നൈജർ

- 2025 ഫെബ്രുവരിയിൽ 'എത്തിമാദ്' എന്ന ബാലിസ്റ്റിക് മിസൈൽ അവതരിപ്പിച്ച രാജ്യം - ഇറാൻ

- യു.എൻ. മനുഷ്യാവകാശ കൗൺസിലിൽ (യു.എൻ.എച്ച്.ആർ.സി.) നിന്ന് അമേരിക്കയെ പിൻവലിക്കുന്ന എക്സിക്യൂട്ടീവ് ഉത്തരവിൽ 2025 ൽ ഒപ്പുവെച്ച അമേരിക്കൻ പ്രസിഡന്റ് - ഡൊണാൾഡ് ട്രംപ്

- വ്യക്തിത്വ പദവി ലഭിച്ച തരാനകി പർവ്വതം (തരാനകി മൗംഗ) സ്ഥിതി ചെയ്യുന്ന രാജ്യം - ന്യൂസിലാൻഡ്

→ ഒരു വ്യക്തിയ്ക്ക് ലഭിക്കുന്ന എല്ലാ നിയമപരമായ അവകാശങ്ങളും ഇനിമുതൽ തരാനകി പർവ്വതത്തിനും ലഭിക്കും.

- ലോകത്തെ വംശനാശഭീഷണി നേരിടുന്ന വന്യജീവികളുടെ സംരക്ഷണത്തിനായി ഐക്യരാഷ്ട്രസഭയുടെ മാതൃകയിൽ വരുന്ന അന്താരാഷ്ട്ര ഏജൻസി - ഇന്റർനാഷണൽ ബിഗ്ക്യാറ്റ് അലയൻസ് (ഇബ്ക)

→ ഇന്ത്യയുടെ നേതൃത്വത്തിൽ സ്ഥാപിതമാകുന്ന ഏജൻസിയുടെ ആസ്ഥാനം ഡൽഹിയാണ്.

→ കടുവ, സിംഹം, പുള്ളിപ്പുലി, ഹിമപ്പുലി, ചീറ്റ, ജാഗ്വാർ, പ്യൂമ എന്നിവയാണ് പരിധിയിൽ വരുന്ന വന്യജീവികൾ.

→ ദേശീയ കടുവസംരക്ഷണ അതോറിറ്റിയുടെ മുൻ മെമ്പർസെക്രട്ടറിയും വിരമിച്ച ഐ.എഫ്.എസ്. ഉദ്യോഗസ്ഥനുമായ എസ്.പി. യാദവാണ് ഇബ്കയുടെ സെക്രട്ടറി ജനറൽ.

- ഇന്ത്യയുമായുള്ള നയതന്ത്ര ബന്ധം സ്ഥാപിച്ചതിന്റെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി 2025 ഫെബ്രുവരിയിൽ തമിഴ് കവിയും തത്ത്വചിന്തകനുമായ തിരുവള്ളുവരുടെ പ്രതിമ സ്ഥാപിച്ച രാജ്യം - ഫിലിപ്പീൻസ്

- ഐ.വി.എഫിലൂടെ ലോകത്തിലാദ്യമായി കങ്കാരുവിന്റെ ഭ്രൂണങ്ങൾ സൃഷ്ടിച്ച രാജ്യം - ഓസ്ട്രേലിയ

- ലിഥിയം പര്യവേക്ഷണത്തിലും ഖനനത്തിലും സഹകരണം ശക്തിപ്പെടുത്തുന്നതിനായി അടുത്തിടെ ഇന്ത്യയുമായി ധാരണാപത്രം ഒപ്പ് വെച്ച രാജ്യം - അർജന്റീന

- അരിയുടെ വില നിയന്ത്രിക്കാൻ 2025 ഫെബ്രുവരിയിൽ 'ഭക്ഷ്യ സുരക്ഷാ അടിയന്തരാവസ്ഥ' പ്രഖ്യാപിച്ച രാജ്യം - ഫിലിപ്പീൻസ്

- 2025 വർഷം സമൂഹ വർഷമായി (Year of Community) ആചരിക്കാൻ തീരുമാനിച്ച രാജ്യം - യുഎഇ

- ആണവ പോർമുനകൾ ഘടിപ്പിക്കാൻ കഴിയുന്ന ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈലായ RS-24 യാർസ് വികസിപ്പിച്ച രാജ്യം - റഷ്യ

## ഇന്ത്യ

- കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തെളിവുകൾ ശേഖരിക്കുന്നതിനും സഹായിക്കുന്നതിനുമായി മൊബൈൽ ഫോറൻസിക് വാൻ പുറത്തിറക്കിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം - മഹാരാഷ്ട്ര

- 2025 ഫെബ്രുവരിയിൽ 2025-26 വർഷത്തെ കേന്ദ്ര ബജറ്റ് ലോക്സഭയിൽ  അവതരിപ്പിച്ചത് - നിർമല സീതാരാമൻ (കേന്ദ്ര ധനമന്ത്രി)

    → ഒരേ പ്രധാനമന്ത്രിക്ക് കീഴിൽ തുടർച്ചയായി എട്ട് തവണ ബജറ്റ് അവതരിപ്പിക്കുന്ന ആദ്യ ധനമന്ത്രിയാണ് നിർമല സീതാരാമൻ.

- പൊതു സേവനങ്ങൾക്കായി 'മന മിത്ര' വാട്ട്സ്ആപ്പ് ചാറ്റ്ബോട്ട് അവതരിപ്പിച്ച സംസ്ഥാനം - ആന്ധ്രാപ്രദേശ്

- സർക്കാർ സ്കൂളുകളിൽ വിദ്യാഭ്യാസ സമ്പ്രദായവും സ്കൂൾ മാനേജ്മെന്റും മെച്ചപ്പെടുത്തുന്നതിനായി സ്മൈൽ ആപ്പ് അവതരിപ്പിച്ച സംസ്ഥാനം - നാഗാലാൻഡ്

- മഖാന ഉൽപാദനം, അവയുടെ സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച മഖാന ബോർഡ് നിലവിൽ വരുന്ന സംസ്ഥാനം - ബീഹാർ

    → ബീഹാറിലും  നേപ്പാളിലും ചൈനയിലും കൃഷി ചെയ്യുന്ന താമരയുടെ വിത്താണ് മഖാന.

    → സസ്യാഹാരികളുടെ പ്രോട്ടീൻ എന്നാണ് മഖാന അറിയപ്പെടുന്നത്.

- ഗുജറാത്തിലെ ആദ്യത്തെ ജൈവവൈവിധ്യ പൈതൃക സ്ഥലമായി പ്രഖ്യാപിച്ചത് - ഗുണേരി ഗ്രാമത്തിലെ ഉൾനാടൻ കണ്ടൽക്കാടുകൾ (കച്ച് ജില്ല)

- കരസേനയുടെ കിഴക്കൻമേഖലാ ആസ്ഥാനമായ ഫോർട്ട് വില്യത്തിന്റെ പുതിയ പേര് - വിജയ് ദുർഗ്

- 2025 ഫെബ്രുവരിയിൽ രാജി വെച്ച മണിപ്പൂർ മുഖ്യമന്ത്രി - ബിരേൻ സിംഗ്

- അടുത്തിടെ ആഫ്രിക്കയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയായ കിളിമഞ്ചാരോ കീഴടക്കിയ ഇന്ത്യൻ പർവ്വതാരോഹക - നിഷ യാദവ്

- 1961ലെ ആദായ നികുതി നിയമത്തിന്റെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് തയ്യാറാക്കിയ പുതിയ ആദായ നികുതി ബിൽ 2025 ഫെബ്രുവരിയിൽ പാർലമെന്റിൽ അവതരിപ്പിച്ചത് - നിർമലാ സീതാരാമൻ (ധനമന്ത്രി)

  → പുതിയ നിയമം 2026 ഏപ്രിൽ ഒന്നു മുതൽ നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്.

- 2025 ഫെബ്രുവരിയിൽ രാഷ്ട്രപതി ഭരണം നിലവിൽ വന്ന ഇന്ത്യൻ സംസ്ഥാനം - മണിപ്പൂർ

  → മണിപ്പൂർ കലാപത്തിന്റെ പശ്ചാത്തലത്തിൽ സഭയിൽ പ്രതിപക്ഷം അവിശ്വാസപ്രമേയം സമർപ്പിക്കാനിരിക്കെ മുഖ്യമന്ത്രി ബിരേൻ സിങ് രാജി വെച്ചതിനെ തുടർന്നാണ് മണിപ്പൂരിൽ രാഷ്ട്രപതി ഭരണം ഏർപ്പെടുത്തിയത്.

- സോളിഡ് റോക്കറ്റ് മോട്ടോറുകൾക്കായുള്ള ലോകത്തിലെ ഏറ്റവും വലിയ 10 ടൺ പ്രൊപ്പല്ലന്റ് മിക്സർ വികസിപ്പിച്ച രാജ്യം - ഇന്ത്യ

→ ബെംഗളൂരുവിലെ സെൻട്രൽ മാനുഫാക്ചറിംഗ് ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് ഐഎസ്ആർഒയുടെ സതീഷ് ധവാൻ സ്പേസ് സെന്റർ ആണ് ഈ മിക്സർ രൂപകൽപ്പന ചെയ്തത്.

- ന്യൂഡൽഹിയിൽ ദേശീയ ഗോത്ര ഉത്സവമായ 'ആടി മഹോത്സവ്' ഉദ്ഘാടനം ചെയ്തത് - ദ്രൗപദി മുർമു (ഇന്ത്യൻ രാഷ്ട്രപതി)

→ ഗോത്രവർഗ കാര്യ മന്ത്രാലയത്തിനു കീഴിലുള്ള ട്രൈബൽ കോ-ഓപ്പറേറ്റിവ് മാർക്കറ്റിങ് ഡെവലപ് മെന്റ് ഫെഡറേഷൻ ലിമിറ്റഡിന്റെ (ട്രൈഫെഡ്) വാർഷികസംരംഭമാണ് ആടി മഹോത്സവം.

→ രാജ്യത്തെ ഗോത്രവർഗക്കാരുടെ സംസ്കാരവും സംഭാവനകളും ദേശീയതലത്തിൽ പ്രദർശിപ്പിക്കാനും അവരുടെ ക്ഷേമം ഉറപ്പാക്കാനും നടത്തുന്നതാണ് ആടി മഹോത്സവം.

- ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ (IMD) 150-ാം വാർഷികത്തോടനുബന്ധിച്ച് ഓപ്പൺ-എയർ ആർട്ട് വാൾ മ്യൂസിയം നിലവിൽ വന്നത് - ന്യൂഡൽഹി

- ഇന്ത്യയിലെ ഏറ്റവും വലിയ സിംഗിൾ ലൊക്കേഷൻ ഇന്റഗ്രേറ്റഡ് ഫെസിലിറ്റി സോളാർ പ്ലാന്റ് നിലവിൽ വന്നത് - തിരുനെൽവേലി, തമിഴ്നാട്

- ഗൂഗിളിന്റെ ഇന്ത്യയിലെ ഏറ്റവും പുതിയ ഓഫീസ് ആയ അനന്ത നിലവിൽ വന്നത് - ബെംഗളൂരു

- മേലൂരി എന്ന പുതിയ ജില്ല നിലവിൽ വന്ന സംസ്ഥാനം - നാഗാലാൻഡ്

→ നാഗാലാൻഡിന്റെ പതിനേഴാമത്തെ ജില്ലയാണ് മേലൂരി.

- ഇന്ത്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ ഗോത്രവർഗ ഉത്സവമായ നഗോബ ജാതര ഉത്സവം നടക്കുന്ന സംസ്ഥാനം - തെലങ്കാന

→ തെലങ്കാനയിലെ അദിലാബാദ് ജില്ലയിലെ കെസ്ലാപൂർ ഗ്രാമത്തിൽ നടക്കുന്ന ഗോത്രോത്സവമാണ് നഗോബ ജാതര.

→ ഗോണ്ട് ഗോത്രങ്ങളിലെ മെസാരം വംശജരാണ് ഇത് ആഘോഷിക്കുന്നത്.

- ഇൻലാൻഡ് വാട്ടർവേസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (ഐഡബ്ല്യുഎഐ) ആറാമത്തെ റീജിയണൽ ഓഫീസ് നിലവിൽ വന്നത് - വാരണാസി, ഉത്തർപ്രദേശ്

→ ഗുവാഹത്തി (അസം), പട്ന (ബീഹാർ), കൊച്ചി (കേരളം), ഭുവനേശ്വർ (ഒഡീഷ), കൊൽക്കത്ത (പശ്ചിമ ബംഗാൾ) എന്നിവിടങ്ങളിലാണ് ഐഡബ്ല്യുഎഐയുടെ മറ്റു റീജിയണൽ ഓഫീസുകൾ സ്ഥിതി ചെയ്യുന്നത്.

- ടൈംസ് മാഗസിന്റെ വുമൺ ഓഫ് ദി ഇയർ 2025ന്റെ പട്ടികയിൽ ഇടംപിടിച്ച ജീവശാസ്ത്രജ്ഞയും വന്യജീവി സംരക്ഷകയുമായ ഇന്ത്യൻ വനിത - പൂർണിമ ദേവി ബർമൻ

→ അസാമാന്യ പ്രവർത്തികൾ കൊണ്ട് ലോകത്തിന്റെ വളർച്ചക്കും ഭാവിക്കുംവേണ്ടി നിരന്തരം പ്രവൃത്തിച്ചുകൊണ്ടിരുന്ന 13 വനിതകളെയാണ് ടൈംസ് മാഗസിൻ ആദരിച്ചത്.

- → പട്ടികയിൽ ഉൾപ്പെട്ട ഏക ഇന്ത്യൻ വനിതയാണ് അസം സ്വദേശിയായ പൂർണിമ ദേവി ബർമൻ.
- → ഐ.യു.സി.എന്നിന്റെ വംശനാശഭീഷണി നേരിടുന്ന ജീവികളുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്ന ഗ്രേറ്റർ അഡ്ജറ്റന്റ് സ്റ്റോർക്ക് എന്ന പക്ഷിയുടെ സംരക്ഷണത്തിന് വേണ്ടി നിരന്തരമായി പരിശ്രമിച്ച വ്യക്തിയാണ് വന്യജീവി ജീവശാസ്ത്രജ്ഞയായ പൂർണിമ ദേവി ബർമൻ.
- → പക്ഷികൂടുകൾ സംരക്ഷിക്കുകയും പക്ഷികളുടെ പ്രാധാന്യത്തെ ബോധവൽക്കരിക്കുകയും ചെയ്യുന്നതിനായി 'ഹർഗില ആർമി' എന്ന സംരക്ഷണ സംഘടനയുടെ സ്ഥാപക കൂടിയാണ് പൂർണിമ ദേവി ബർമൻ.

- ഇന്ത്യയിലെ ആദ്യത്തെ വെർട്ടിക്കൽ ബൈ-ഫേഷ്യൽ സോളാർ പ്ലാന്റ് സ്ഥാപിതമായത് - ഓഖ്ലാ വിഹാർ മെട്രോ സ്റ്റേഷൻ, ഡൽഹി
  - → ഇരുവശത്തുനിന്നും സൂര്യപ്രകാശം പിടിച്ചെടുക്കുന്നതിനാണ് ബൈ-ഫേഷ്യൽ പാനലുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

- ബാങ്കിംഗ് സേവനങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) ഫെബ്രുവരി 24 നും ഫെബ്രുവരി 28 നും ഇടയിൽ ആഘോഷിച്ച 2025 ലെ സാമ്പത്തിക സാക്ഷരതാ വാരത്തിന്റെ പ്രമേയം - സാമ്പത്തിക സാക്ഷരത - സ്ത്രീ സമൃദ്ധി

- ഇന്ത്യയിലെ ആദ്യ ബയോ പോളിമർ പ്ലാന്റ് നിലവിൽ വരുന്ന സംസ്ഥാനം - ഉത്തർപ്രദേശ്
- ഇന്ത്യൻ നാവികസേന അണ്ടർവാട്ടർ മ്യൂസിയമാക്കുന്നതിനായി മഹാരാഷ്ട്ര ടൂറിസം വികസന കോർപ്പറേഷന് (എംടിഡിസി) കൈമാറിയ ലാൻഡിംഗ് ഷിപ്പ് ടാങ്ക് - ഐഎൻഎസ് ഗുൽദാർ

## കേരളം

- ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ച വനം ഗവേഷണ കേന്ദ്രത്തിന് കീഴിലുള്ള മ്യൂസിയം - നിലമ്പൂർ തേക്ക് മ്യൂസിയം
- രാത്രികാലത്തെ വൈദ്യുതി പ്രതിസന്ധിയുണ്ടാകാതിരിക്കാൻ സംസ്ഥാനത്തെ ആദ്യ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (ബെസ്) നിലവിൽ വരുന്നത് - മൈലാട്ടി (കാസർഗോഡ്)
- സംസ്ഥാനത്ത് കാൻസർ പ്രതിരോധം ഉറപ്പാക്കി അതിനൂതനമായ ചികിത്സ സംവിധാനങ്ങളുടെ സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുകയെന്ന ലക്ഷ്യത്തോടെ ആരോഗ്യ വകുപ്പ് ആരംഭിച്ച ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ - 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം'
- സംസ്ഥാനത്തെ മികച്ച രക്ത ബാങ്ക് ആയി ദേശീയ ആരോഗ്യ മന്ത്രാലയം തിരഞ്ഞെടുത്തത് - തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്
- 2025 ഫെബ്രുവരിയിൽ 2025-26 വർഷത്തെ കേരള സംസ്ഥാന ബജറ്റ് നിയമസഭയിൽ അവതരിപ്പിച്ചത് - കെ.എൻ. ബാലഗോപാൽ

- ഡിജിറ്റൽ ട്രാവൽ പ്ലാറ്റ്ഫോമായ ബുക്കിംഗ് ഡോട്ട് കോമിന്റെ 13-ാമത് വാർഷിക ട്രാവലർ റിവ്യൂ അവാർഡ്സ് 2025ൽ ഇന്ത്യയിലെ മോസ്റ്റ് വെൽക്കമിംഗ് റീജിയൻ പട്ടികയിൽ  രണ്ടാം സ്ഥാനം നേടിയത് - കേരളം

  → 'മോസ്റ്റ് വെൽക്കമിംഗ് സിറ്റീസ്' വിഭാഗത്തിൽ കേരളത്തിൽ നിന്നും മാരാരിക്കുളം, തേക്കടി, ആലപ്പുഴ എന്നീ സ്ഥലങ്ങൾ ഇടം നേടി.

- സംസ്ഥാനതലത്തിൽ വികസിപ്പിക്കുന്ന ട്രൈബൽ ഹെൽത്ത് ആക്ഷൻ പ്ലാനിന് വേണ്ട സാങ്കേതിക സഹായം നൽകുന്ന അന്താരാഷ്ട്ര സംഘടന - ലോകാരോഗ്യ സംഘടന

  → ആദിവാസി മേഖലയിലെ ആരോഗ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ വേണ്ടിയാണ് ട്രൈബൽ ഹെൽത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ സംസ്ഥാന ആരോഗ്യ വകുപ്പ് തീരുമാനിച്ചത്.

- ജലാശയങ്ങളിലെ രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ രാജ്യത്ത് ആദ്യമായി വനിതകളുടെ നേതൃത്വത്തിൽ സ്കൂബാ ഡൈവിംഗ് ടീമിനെ സജ്ജമാക്കിയ സംസ്ഥാനം - കേരളം

  → ആദ്യ ബാച്ച് വനിതാ സ്കൂബാ ഡൈവിംഗ് ടീം ആയ 'ഗാനെറ്റ്സ്' (Gannets) അഗ്നിരക്ഷാ വകുപ്പിന്റെ കീഴിൽ ഫോർട്ട് കൊച്ചി ജലസുരക്ഷാ വിദഗ്ധ പരിശീലന കേന്ദ്രത്തിൽ പരിശീലനം പൂർത്തിയാക്കി.

- ഫോബ്സ് മാസികയുടെ പ്രോമിസിങ് സ്റ്റാർട്ടപ് പട്ടികയിൽ ആദ്യ 100 ൽ ഇടം നേടിയ മലയാളി സ്റ്റാർട്ടപ്പ് - ആക്രി

→ പാർപ്പിടങ്ങൾ, ബിസിനസ് സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയെ അംഗീകൃത മാലിന്യ നിർമാർജന സ്ഥാപനങ്ങൾ എന്നിവയെ അംഗീകൃത മാലിന്യ നിർമാർജന സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുകയാണ് ആക്രി ആപ്പിലൂടെ ചെയ്യുന്നത്.

→ സി. ചന്ദ്രശേഖരനാണ് 2019ൽ ആപ്പിന് തുടക്കം കുറിക്കുന്നത്.

- സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമായി കെഎസ്ആർടിസിയിൽ സൗജന്യ ബസ് യാത്ര ആരംഭിച്ച ആദ്യ പഞ്ചായത്ത് - തൃപ്പങ്ങോട് പഞ്ചായത്ത് (മലപ്പുറം)
- സംസ്ഥാനത്തെ ആദ്യ ഹൈബ്രിഡ് ഇന്റർഗ്രേറ്റഡ് കാരവൻ പാർക്ക് നിലവിൽ വന്നത് - മലമ്പുഴ, പാലക്കാട്

## കായികം

- അന്താരാഷ്ട്ര ടി20 യിൽ ഇന്ത്യക്ക് വേണ്ടി ഏറ്റവും വേഗത്തിൽ സെഞ്ച്വറി നേടിയ രണ്ടാമത്തെ ക്രിക്കറ്റ് താരം എന്ന നേട്ടം സ്വന്തമാക്കിയത് - അഭിഷേക് ശർമ

→ ഇംഗ്ലണ്ടിനെതിരായ മത്സരത്തിൽ 37 പന്തിലാണ് അഭിഷേക് ശർമ സെഞ്ച്വറി നേടിയത്.

→ 35 പന്തിൽ സെഞ്ച്വറി നേടിയ രോഹിത് ശർമ്മയാണ് ഏറ്റവും വേഗത്തിൽ ടി20 സെഞ്ച്വറി നേടിയ ഇന്ത്യൻ താരം.

→ 40 പന്തുകളിൽ നിന്ന് സെഞ്ച്വറി നേടിയ മലയാളി ക്രിക്കറ്റ് താരം സഞ്ജു സാംസൺ ആണ് മൂന്നാം സ്ഥാനത്ത്.

- 2025 ടാറ്റ സ്റ്റീൽ മാസ്റ്റേഴ്സ് ചെസ് കിരീടം സ്വന്തമാക്കിയ ഇന്ത്യൻ താരം - ആർ. പ്രഗ്നാനന്ദ
- 2025 ഫെബ്രുവരിയിൽ പ്രൊഫഷണൽ ടെന്നീസിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച റൊമാനിയയുടെ മുൻ ലോക ഒന്നാം നമ്പർ താരവും രണ്ട് തവണ ഗ്രാൻഡ്സ്ലാം ജേതാവുമായ ടെന്നീസ് താരം - സിമോണ ഹാലെപ്പ്
- അന്താരാഷ്ട്ര ടി20 ക്രിക്കറ്റിൽ ഇന്ത്യക്കാരന്റെ ഏറ്റവും ഉയർന്ന സ്കോർ നേടിയ താരം - അഭിഷേക് ശർമ്മ

→ ഇംഗ്ലണ്ടിനെതിരായ മത്സരത്തിൽ 135 റൺസാണ് അഭിഷേക് ശർമ്മ നേടിയത്.

- 2025 ലെ ദേശീയ ഗെയിംസ് ഫുട്ബോളിൽ സ്വർണ്ണം കരസ്ഥമാക്കിയ സംസ്ഥാനം - കേരളം

→ ഫൈനലിൽ ഉത്തരാഖണ്ഡിനെ പരാജയപ്പെടുത്തിയാണ് കേരളം സ്വർണ്ണം കരസ്ഥമാക്കിയത്.

→ 38-ാമത് ദേശീയ ഗെയിംസിന്റെ വേദി - ഉത്തരാഖണ്ഡ്

- 2025ലെ ദേശീയ ഗെയിംസ് വനിതകളുടെ വാട്ടർ പോളോയിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ സംസ്ഥാനം - കേരളം

→ ഫൈനലിൽ മഹാരാഷ്ട്രയെ പരാജയപ്പെടുത്തിയാണ് കേരളം സ്വർണ്ണ മെഡൽ സ്വന്തമാക്കിയത്.

- ഇന്ത്യക്ക് വേണ്ടി ഏകദിന ക്രിക്കറ്റിൽ അരങ്ങേറുന്ന ഏറ്റവും പ്രായം കൂടിയ രണ്ടാമത്തെ താരമെന്ന റെക്കോഡ് സ്വന്തമാക്കിയത് - വരുൺ ചക്രവർത്തി

→ 1974ൽ 36-ാം വയസിൽ ഇന്ത്യക്കായി അരങ്ങേറിയ ഫറൂഖ് എഞ്ചിനീയർക്ക് ശേഷം ഏകദിന ക്രിക്കറ്റിൽ ഇന്ത്യക്കായി അരങ്ങേറുന്ന ഏറ്റവും പ്രായം കൂടിയ താരമാണ് 33കാരനായ വരുൺ ചക്രവർത്തി.

- 2025 ലെ ദേശീയ സ്നൂക്കർ ചാമ്പ്യൻഷിപ്പ് കിരീട ജേതാവ് - പങ്കജ് അദ്വാനി
- ഐസിസിയുടെ അഴിമതി വിരുദ്ധ നിയമ പ്രകാരം വിലക്ക് ലഭിക്കുന്ന ആദ്യ വനിതാ ക്രിക്കറ്റ് താരം - ഷോഹെലി അക്തർ

→ 2023ൽ ദക്ഷിണാഫ്രിക്കയിൽ നടന്ന വനിതാ ടി20 ലോകകപ്പിനിടെ ഒത്തുകളി നടത്തിയെന്ന് തെളിഞ്ഞതിനെ തുടർന്നാണ് ബംഗ്ലാദേശ് വനിതാ ക്രിക്കറ്റ് താരം ഷോഹെലി അക്തറിന് ക്രിക്കറ്റിൽ നിന്നും അഞ്ച് വർഷത്തെ വിലക്ക് ലഭിച്ചത്.

- 38-ാമത് ദേശീയ ഗെയിംസിന്റെ മെഡൽ പട്ടികയിൽ ഒന്നാമതെത്തിയത് - സർവീസസ്

→ രണ്ടാം സ്ഥാനം - മഹാരാഷ്ട്ര

→ മൂന്നാം സ്ഥാനം - ഹരിയാന

→ മെഡൽ പട്ടികയിൽ കേരളത്തിന്റെ സ്ഥാനം - 14

→ 38-ാമത് ദേശീയ ഗെയിംസിന്റെ വേദി - ഉത്തരാഖണ്ഡ്

- 2027ലെ ദേശീയ ഗെയിംസിന്റെ വേദി - മേഘാലയ

→ ദേശീയ ഗെയിംസിന്റെ 39-ാമത് പതിപ്പ്.

- ഉത്തേജക പരിശോധനയിൽ പരാജയപ്പെട്ടതിനെ തുടർന്ന് 2025 ഫെബ്രുവരിയിൽ മൂന്നു മാസം വിലക്ക് ലഭിച്ച ഇറ്റാലിയൻ ടെന്നിസ് താരം - യാനിക് സിന്നർ

- കേരളത്തിന് വേണ്ടി രഞ്ജി ട്രോഫി സെമി ഫൈനലിൽ സെഞ്ചുറി നേടുന്ന ആദ്യ മലയാളി ക്രിക്കറ്റ് താരം - മുഹമ്മദ് അസറുദ്ദീൻ

  → ഗുജറാത്തിനെതിരായ സെമി ഫൈനൽ മത്സരത്തിലാണ് മുഹമ്മദ് അസറുദ്ദീൻ സെഞ്ചുറി നേടിയത്.

- 2025 ലെ പൂനെ എടിപി ചലഞ്ചർ 100 ഡബിൾസിൽ കിരീടം സ്വന്തമാക്കിയ ഇന്ത്യൻ സഖ്യം - ജീവൻ നെടുഞ്ചെഴിയൻ, വിജയ് സുന്ദർ പ്രശാന്ത്

- 23-ാമത് ദേശീയ പാരാലിമ്പിക് അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന്റെ മെഡൽ പട്ടികയിൽ ഒന്നാമതെത്തിയത് - ഹരിയാന

  → രണ്ടാം സ്ഥാനം - തമിഴ്നാട്

  → മൂന്നാം സ്ഥാനം - ഉത്തർപ്രദേശ്

  → 23-ാമത് ദേശീയ പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന്റെ വേദി - ചെന്നൈ, തമിഴ്നാട്

- ചരിത്രത്തിൽ ആദ്യമായി രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിലെത്തിയ കേരള ക്രിക്കറ്റ് ടീമിന്റെ ക്യാപ്റ്റൻ - സച്ചിൻ ബേബി

  → 2024-25രഞ്ജി ട്രോഫി ക്രിക്കറ്റ് സെമിഫൈനലിൽ ഗുജറാത്തിനെ മറികടന്നാണ് കേരളം ഫൈനലിൽ പ്രവേശിച്ചത്.

- ഏകദിന ക്രിക്കറ്റിൽ 14000 റൺസ് തികക്കുന്ന ലോകത്തെ മൂന്നാമത്തെ ക്രിക്കറ്റ് താരമെന്ന നേട്ടം സ്വന്തമാക്കിയ ഇന്ത്യൻ ക്രിക്കറ്റ് താരം - വിരാട് കോഹ്ലി

  → സച്ചിൻ ടെൻഡുൽക്കറും ശ്രീലങ്കൻ ടീം മുൻ ക്യാപ്റ്റൻ കുമാർ സങ്കക്കാരയും ആണ് ഇതിനുമുമ്പ് ഈ നേട്ടം കൈവരിച്ച താരങ്ങൾ.

  → ഏകദിനത്തിൽ അതിവേഗം 14000 റൺസ് തികയ്ക്കുന്ന താരമെന്ന നേട്ടവും കോഹ്ലി സ്വന്തമാക്കി.

- പൂനെയിൽ നടന്ന മഹാ ഓപ്പൺ 2025 ടെന്നീസ് ടൂർണമെന്റിൽ പുരുഷ സിംഗിൾസ് കിരീടം സ്വന്തമാക്കിയത് - ഡാലിബോർ സ്വെർസിന

- 2024-25 രഞ്ജി ട്രോഫി ക്രിക്കറ്റിന്റെ ഫൈനലിൽ എത്തിയ ടീമുകൾ - കേരളം, വിദർഭ

  → ചരിത്രത്തിൽ ആദ്യമായാണ് കേരളം രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിലെത്തുന്നത്.

- 5000 മീറ്റർ ഷോർട്ട് ട്രാക്ക് റേസിൽ ഏഷ്യൻ റെക്കോഡ് സ്വന്തമാക്കിയ ഇന്ത്യക്കാരൻ - ഗുൽവീർ സിംഗ്

  → 2025 ലെ ബോസ്റ്റൺ യൂണിവേഴ്സിറ്റി ടെറിയർ ഡിഎംആർ ചലഞ്ചിൽ ഗുൽവീർ സിംഗ് 12:59.77 സമയം ഓട്ടം പൂർത്തിയാക്കിയാണ് ഏഷ്യൻ റെക്കോഡ് സ്വന്തമാക്കിയത്.

- അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ ക്യാച്ചുകൾ സ്വന്തമാക്കിയ വിക്കറ്റ് കീപ്പർ അല്ലാത്ത ഇന്ത്യൻ താരം എന്ന നേട്ടം സ്വന്തമാക്കിയത് - വിരാട് കോഹ്‌ലി

→ 156 ക്യാച്ചുകൾ സ്വന്തമാക്കിയ മുഹമ്മദ് അസ്ഹറുദ്ദീന്റെ റെക്കോഡ് ആണ് കോഹ്ലി മറികടന്നത്.

## സാഹിത്യം

- മുൻ ന്യൂസിലാൻഡ് പ്രധാനമന്ത്രി ജസീന്ത ആർഡന്റെ ഓർമ്മക്കുറിപ്പ് - എ ഡിഫറെന്റ് കൈൻഡ് ഓഫ് പവർ
- 2025ലെ മാതൃഭൂമി അന്താരാഷ്ട്ര അക്ഷരോത്സവത്തിൽ ബുക്ക് ഓഫ് ദി ഇയർ പുരസ്കാരത്തിന് അർഹയായത് - സന്ധ്യാ മേരി

→ സന്ധ്യാ മേരിയുടെ 'മരിയ ജസ്റ്റ് മരിയ' എന്ന പുസ്തകത്തിനാണ് പുരസ്കാരം.

- 39-ാമത് മുലൂർ പുരസ്കാരത്തിന് അർഹനായത് - ഷാജി നായരമ്പലം

→ ഷാജി നായരമ്പലത്തിന്റെ ഗുരുദേവഗീത എന്ന കാവ്യസമാഹാരത്തിനാണ് പുരസ്കാരം.

- 'പുത്തനാട്ടം' എന്ന കവിതാ സമാഹാരത്തിന്റെ രചയിതാവ് - ഡോ.സി.വി. ആനന്ദബോസ് (ബംഗാൾ ഗവർണർ)
- 'ഞാറ്റുവേല' എന്ന കവിതാ സമാഹാരത്തിന്റെ രചയിതാവ് - ഡോ.സി.വി. ആനന്ദബോസ് (ബംഗാൾ ഗവർണർ)
- നോവലിസ്റ്റ് പി. സക്കറിയയുടെ പുതിയ ഇംഗ്ലീഷ് നോവൽ - True Story of a Writer, a Philosopher and a Shape-shifter
- 2025-ലെ ഇന്റർനാഷണൽ ബുക്കർ സമ്മാനത്തിനുള്ള പട്ടികയിൽ ഇടം നേടിയ കന്നഡ എഴുത്തുകാരി ബാനു മുഷ്താഖിന്റെ കഥാസമാഹാരം - ഹാർട്ട് ലാംപ്

## മറ്റ് പുരസ്കാരങ്ങൾ

- 2023ലെ കേരള ശാസ്ത്രപുരസ്കാരത്തിന് അർഹനായ ഐ.എസ്.ആർ.ഒ മുൻ ചെയർമാൻ - എസ്. സോമനാഥ്

- നൃത്ത രംഗത്തെ സമഗ്ര സംഭാവനക്കുള്ള സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ നിശാഗന്ധി പുരസ്കാരത്തിന് 2025ൽ അർഹനായ പ്രശസ്ത കഥക് കലാകാരൻ - പണ്ഡിറ്റ് രാജേന്ദ്ര ഗംഗാനി

സംസ്ഥാന റവന്യൂ അവാർഡുകൾ 2025

- മികച്ച കളക്ടറേറ്റ് - തൃശ്ശൂർ
- മികച്ച കളക്ടർ - എൻ.എസ്.കെ. ഉമേഷ് (എറണാകുളം)
- മികച്ച സബ് കളക്ടർ - കെ. മീര (ഫോർട്ട് കൊച്ചി)

## ശാസ്ത്ര സാങ്കേതിക മേഖല

- മൗറീഷ്യസിൽ ഹൈഡ്രോഗ്രാഫിക് സർവേ വിജയകരമായി പൂർത്തിയാക്കിയ ഇന്ത്യൻ നേവിയുടെ കപ്പൽ - ഐഎൻഎസ് സർവേക്ഷക്

- അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള ആക് സിയോം-4 ദൗത്യത്തിന്റെ മിഷൻ പൈലറ്റായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യക്കാരൻ - ശുഭാംശു ശുക്ല

  → ഐഎസ്ആർഒയുടെ ഗഗൻയാൻ ദൗത്യ കമാൻഡറാണ് വ്യോമസേനാ ഗ്രൂപ്പ് കമാൻഡറായ ശുഭാംശു ശുക്ല.

→ നാസയും ഐഎസ്ആർഒയും സ്വകാര്യ കമ്പനി ആക്സിയോം സ്പേസും ചേർന്നുള്ള ദൗത്യമാണ് ആക്സിയോം-4.

→ നാസയിലെ പെഗ്ഗിവിട്സണാണ് കമാൻഡർ. ടിബോർ കപു (ഹംഗറി), സ്ലാവോസ് ഉസ്നൻസ്കി വിസ്നിസ്കി (പോളണ്ട്) എന്നിവരാണ് മറ്റുള്ളവർ.

- ബഹിരാകാശത്ത് ഏറ്റവും കൂടുതൽ സമയം നടന്ന വനിത എന്ന റെക്കോഡ് കരസ്ഥമാക്കിയ നാസയുടെ ശാസ്ത്രജ്ഞയും ഇന്ത്യൻ വംശജയുമായ വനിത
- സുനിത വില്യംസ്

- പോയിന്റ് നെമോ മുറിച്ചുകടന്ന ഇന്ത്യൻ നാവികസേനയുടെ വനിത യാത്ര സംഘത്തിന്റെ കപ്പൽ
- ഐഎൻഎസ്‌വി തരിണി

→ ശാന്തസമുദ്രത്തിൽ നിന്ന് ഏറ്റവും അകലെ സ്ഥിതി ചെയ്യുന്ന മേഖലയാണ് പോയിന്റ് നെമോ.

→ ലോകത്തിലെ ഏറ്റവും വിദൂരമായ സ്ഥലമെന്നും, ബഹിരാകാശ വാഹനങ്ങളുടെ ശവപ്പറമ്പെന്നും പോയിന്റ് നെമോ അറിയപ്പെടുന്നു.

→ ലോകം ചുറ്റാൻ പുറപ്പെട്ട ഇന്ത്യൻ നാവികസേനയുടെ വനിത യാത്ര സംഘത്തിന്റെ കപ്പലാണ് ഐഎൻഎസ്‌വി തരിണി

→ വനിതാ ശാക്തീകരണം ലക്ഷ്യമിട്ടിട്ടുള്ള സാഗർ പരിക്രമണ 2 പദ്ധതിയുടെ ഭാഗമായാണ് യാത്ര.

→ 2024 ഒക്ടോബർ 2 ന് ഗോവയിൽ നിന്നാണ് യാത്ര ആരംഭിച്ചത്.

→ ലെഫ്:കമാൻഡർ രൂപ മലയാളിയായ ലെഫ്:കമാൻഡർ ദിൽന എന്നിവരാണ് കപ്പലിലെ യാത്രികർ.

- 2025 ഫെബ്രുവരിയിൽ H3 റോക്കറ്റിൽ നാവിഗേഷൻ ഉപഗ്രഹമായ മിഷിബിക്കി 6 വിജയകരമായി വിക്ഷേപിച്ച രാജ്യം - ജപ്പാൻ

- അടുത്തിടെ ബഹിരാകാശത്തു കൃത്രിമ പ്രകാശ സംശ്ലേഷണത്തിലൂടെ ഓക്സിജനും റോക്കറ്റ് ഇന്ധനവും ഉൽപാദിപ്പിച്ചുള്ള പരീക്ഷണം വിജയകരമായി പൂർത്തിയാക്കിയ രാജ്യം - ചൈന

- ഇന്ത്യയിലെ ആദ്യ ഫ്ലൈയിങ് ടാക്സി പ്രോട്ടോടൈപ്പ് - ശൂന്യ

→ എയ്റോസ്പേസ് സ്റ്റാർട്ടപ്പായ സർള ഏവിയേഷൻ ആണ് പ്രോട്ടോടൈപ്പ് അവതരിപ്പിച്ചത്.

→ ആറ് യാത്രക്കാരെ ഉൾക്കൊള്ളാനും പരമാവധി 680 കിലോഗ്രാം പേലോഡ് വഹിക്കാനും കഴിയുന്ന തരത്തിലാണ് ശൂന്യ ഡിസൈൻ ചെയ്തിട്ടുള്ളത്.

- ആരോഗ്യ മേഖലയിലെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ഫലപ്രദമായ രീതിയിൽ ലഭ്യമാക്കുന്ന ഇ-ഹെൽത്തിന്റെ ഭാഗമായി സർക്കാർ ആശുപത്രികളിലെ ഒ.പി. ടിക്കറ്റ് ഓൺലൈനായി ബുക്ക് ചെയ്യാൻ ആരോഗ്യവകുപ്പ് അവതരിപ്പിച്ച മൊബൈൽ അപ്ലിക്കേഷൻ - എം-ഇഹെൽത്ത് (MeHealth)

- കന്നുകാലികളെ ഗുരുതരമായി ബാധിക്കുന്ന ലംപി സ്കിൻ ഡിസീസ് തടയുന്നതിനായി ഇന്ത്യയിൽ വികസിപ്പിച്ച വാക് സിൻ - ബയോലംപിവാക്സിൻ

→ ഭാരത് ബയോടെക് ഗ്രൂപ്പ് കമ്പനിയായ  ബയോവെറ്റ് (ബംഗളൂരു) വികസിപ്പിച്ചെടുത്തതാണ് വാക്സിൻ.

- ഫ്രാൻസ് ഇന്ത്യയിൽ നിന്ന് വാങ്ങുന്ന മൾട്ടി-ബാരൽ റോക്കറ്റ് ലോഞ്ചർ - പിനാക

→ ഇന്ത്യയുടെ ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് ഓർഗനൈസേഷൻ (ഡിആർഡിഒ) തദ്ദേശീയമായി വികസിപ്പിച്ചതാണ് പിനാക.

- പൂനെയിൽ രാജ്യത്തെ ആദ്യത്തെ 3D പ്രിന്റഡ് വില്ല നിർമ്മിച്ച സ്റ്റാർട്ടപ്പ് കമ്പനി - ത്വസ്ഥ

- യുഎസ്, ഇന്ത്യ, ബ്രസീൽ, ദക്ഷിണാഫ്രിക്ക തുടങ്ങിയ സ്ഥലങ്ങളിലേക്ക് മെച്ചപ്പെട്ട കണക്റ്റിവിറ്റി നൽകുന്നതിന് മെറ്റ പ്രഖ്യാപിച്ച ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ സബ്സീ കേബിൾ പദ്ധതി - പ്രോജക്റ്റ് വാട്ടർവർത്ത്

→ 50,000 കിലോമീറ്റർ ദൈർഘ്യമുള്ള സബ്സീ കേബിൾ അഞ്ച് ഭൂഖണ്ഡങ്ങളെ ബന്ധിപ്പിക്കും.

- 2025 ഫെബ്രുവരിയിൽ വിജയകരമായി വെറ്റ് ടെസ്റ്റിംഗ് പൂർത്തിയാക്കിയ ഇന്ത്യയുടെ നാലാം തലമുറ മുങ്ങിക്കപ്പൽ - മത്സ്യ 6000

→ ആഴക്കടലിൽ അപൂർവ ധാതുക്കളുടെ പര്യവേക്ഷണത്തിനായി ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഡീപ് സീ മിഷനു കീഴിലുള്ള ഒരു ഇന്ത്യൻ ക്രൂഡ് ഡീപ്-സബ്മെർജൻസ് വാഹനമാണ് മത്സ്യ 6000.

- സഹകരണ ബാങ്കുകളും സ്ഥാപനങ്ങളും ഉത്പാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങളും മറ്റും ഏകീകൃത ബ്രാൻഡിൽ വിൽപനയ്ക്ക് എത്തിക്കുന്നതിനായി സഹകരണ വകുപ്പ് അവതരിപ്പിച്ച മൊബൈൽ അപ്ലിക്കേഷൻ - അങ്ങാടി

- ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള ആർട്ടിഫിഷ്യൽ ഇൻറെലിജൻസ് കമ്പനിയായ എക്സ്എഐ (xAI) അവതരിപ്പിച്ച ഏറ്റവും പുതിയ ചാറ്റ്ബോട്ട് - ഗ്രോക്ക് 3

- നിഷ്ക്രിയമോ ക്ലെയിം ചെയ്യാത്തതോ ആയ മ്യൂച്വൽ ഫണ്ട് ഫോളിയോകൾ ട്രാക്ക് ചെയ്യുന്നതിനും തിരിച്ചുപിടിക്കുന്നതിനും നിക്ഷേപകരെ സഹായിക്കുന്നതിനായി സെബി ആരംഭിച്ച ഡിജിറ്റൽ പ്ലാറ്റ്ഫോം - മിത്ര (മ്യൂച്വൽ ഫണ്ട് ഇൻവെസ്റ്റ്മെന്റ് ട്രേസിംഗ് ആൻഡ് റിട്രീവൽ അസിസ്റ്റന്റ്)

- ഇന്ത്യൻ റെയിൽവേയുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും യാത്രക്കാർക്ക് ഒരുമിച്ച് ലഭ്യമാക്കുന്നതിനായി റെയിൽവേ അവതരിപ്പിച്ച പുതിയ അപ്ലിക്കേഷൻ - സ്വറെയിൽ

  → സെന്റർ ഫോർ റെയിൽവേ ഇൻഫർമേഷൻ സിസ്റ്റംസ് (CRIS)ആണ് ആപ്പ് വികസിപ്പിച്ചത്.

- മൈക്രോസോഫ്റ്റ് അവതരിപ്പിച്ച ക്വാണ്ടം കമ്പ്യൂട്ടിംഗിൽ വിപ്ലവം സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ള ടോപ്പോളജിക്കൽ കോർ ആർക്കിടെക്ചർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യത്തെ ക്വാണ്ടം ചിപ്പ് - മജോറാന 1

→ ഇലക്ട്രോൺ അധിഷ്ഠിത ക്വിബിറ്റുകളെ ആശ്രയിക്കുന്ന പരമ്പരാഗത ക്വാണ്ടം ചിപ്പുകളിൽ നിന്ന് വ്യത്യസ്തമായി, മജോറാന 1 പൂർണ്ണമായും പുതിയ തരം മെറ്റീരിയലും കണികയുമായ മജോറാന കണിക ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നത്.

- വനപ്രദേശങ്ങളിൽ നിന്ന് ആനകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് കടക്കുന്നത് തടയാൻ കോട്ടയം ഐഐടിയുടെ ഡ്രോൺ എക്സ് ലാബ് വികസിപ്പിച്ചെടുത്ത ഡ്രോൺ - അസ്ത്ര വി-1

- കൗമാരക്കാർക്ക് വേണ്ടി ഇന്ത്യയിൽ ടീൻ അക്കൗണ്ടുകൾ അവതരിപ്പിച്ച സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം - ഇൻസ്റ്റഗ്രാം

→ അനാവശ്യമായ സമ്പർക്കങ്ങളും ഉള്ളടക്കവും പരിമിതപ്പെടുത്തിക്കൊണ്ട് കൗമാരക്കാരെ സംരക്ഷിക്കുന്നതിനാണ് ഇൻസ്റ്റാഗ്രാം ടീൻ അക്കൗണ്ടുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

## ഇന്ത്യ - പദ്ധതികൾ

- അരുണാചൽ പ്രദേശ്, ഹിമാചൽ പ്രദേശ്, സിക്കിം, ഉത്തരാഖണ്ഡ് എന്നീ നാല് സംസ്ഥാനങ്ങളിൽ മഞ്ഞുമലകൾ രൂപപ്പെടുന്നതിലൂടെ ഉണ്ടാകുന്ന വെള്ളപ്പൊക്ക സാധ്യത കുറയ്ക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതി - National Glacial Lake Outburst Flood (GLOF) Risk Mitigation Project (NGRMP)

- നദീതീര പ്രദേശങ്ങൾ വികസിപ്പിക്കുന്നതിനും നദികളെയും തണ്ണീർത്തടങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്നതിലൂടെ ഉപജീവന അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി പശ്ചിമ ബംഗാൾ സർക്കാർ ആരംഭിച്ച പദ്ധതി - നോഡി ബന്ധൻ

- രാജ്യത്തെ ഉത്പാദനക്ഷമത കുറഞ്ഞ 100 ജില്ലകളിൽ നിന്നുള്ള 1.7 കോടിയോളം വരുന്ന കർഷകരെ സഹായിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും 2025-26 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതി - പ്രധാനമന്ത്രി ധൻ ധാന്യ കൃഷി യോജന

  → പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ

    1. കാർഷിക ഉത്പാദനം മെച്ചപ്പെടുത്തുക
    2. വിളകളുടെ വൈവിധ്യവൽക്കരണം
    3. സംഭരണകേന്ദ്രങ്ങൾ മെച്ചപ്പെടുത്തുക
    4. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
    5. വായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക
    6. പരമ്പരാഗത കർഷകർക്ക് മാത്രമല്ല, ഗ്രാമീണ സ്ത്രീകൾ, യുവ കർഷകർ, ഭൂരഹിത കുടുംബങ്ങൾ എന്നിവർക്കും പിന്തുണ നൽകുക

- നഗരപ്രദേശങ്ങളിലെ ഭൂമിയുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതി - നക്ഷ (നാഷണൽ ജിയോ സ്പേഷ്യൽ നോളജ് ബേസ്ഡ് ലാൻറ് സർവ്വെ ഓഫ് അർബൻ ഹാബിറ്റേഷൻ)

- ചിനാർ മരങ്ങളെ സംരക്ഷിക്കുന്നതിനായി 'ട്രീ ആധാർ' പദ്ധതി ആരംഭിച്ചത് - ജമ്മു കശ്മീർ

## കേരളം - പദ്ധതികൾ

- തദ്ദേശീയ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കാൻ കുടുംബശ്രീ ആരംഭിച്ച പദ്ധതി - കമ്യൂണിക്കോർ

- പ്രാഥമിക കാർഷിക മേഖലയെ ശാക്തീകരിക്കുന്നതിനൊപ്പം ദ്വിതീയ കാർഷിക മേഖലയുടെ ഉന്നമനത്തിലൂടെ കാർഷിക സ്വയംപര്യാപ്തത കൈവരിക്കുക, കർഷകരുടെ വരുമാന വർധനവ് ഉറപ്പാക്കുക, സുരക്ഷിത ഭക്ഷണം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ കൃഷി വകുപ്പ് സംസ്ഥാന വ്യാപകമായി ആരംഭിച്ച  പദ്ധതി - കൃഷി സമൃദ്ധി പദ്ധതി

- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിന് വേനൽക്കാലത്ത് വന്യമൃഗങ്ങൾക്ക് കാട്ടിൽ തന്നെ ഭക്ഷണവും വെള്ളവും ഉറപ്പാക്കുന്നതിനുള്ള വനംവകുപ്പിന്റെ പദ്ധതി - മിഷൻ ഫുഡ്, ഫോഡർ ആൻഡ് വാട്ടർ (Mission FFW- Mission Food Fodder Water)

- പട്ടികവർഗ മേഖലയിലെ ജനവിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിച്ചു കൊണ്ട് നൂതനമായ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്ന കുടുംബശ്രീ പദ്ധതി - കുടുംബശ്രീ ട്രൈബൽ എന്റർപ്രൈസ് ആൻഡ് ഇന്നവേഷൻ സെന്റർ (കെടിക്)

- കാലഹരണപ്പെട്ടതും ഉപയോഗശൂന്യമായതുമായ മരുന്നുകൾ ശാസ്ത്രീയമായി ശേഖരിച്ച് സംസ് കരിക്കുന്നതിനായി സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആരംഭിച്ച പദ്ധതി - എൻപ്രൗഡ് (ന്യൂ പ്രോഗ്രാം ഫോർ റിമൂവൽ ഓഫ് അൺയൂസ്ഡ് ഡ്രഗ്സ്)

→ രാജ്യത്ത് തന്നെ ആദ്യമായാണ് സർക്കാർ തലത്തിൽ ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

## നിയമനങ്ങൾ

- വലിയമലയിലെ ഐഎസ്ആർഒയുടെ ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്റർ (LPSC) ഡയറക്ടറായി നിയമിതനായ മലയാളി ശാസ്ത്രജ്ഞൻ - എം. മോഹൻ
- തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെ പുതിയ ചെയർമാനായി നിയമിതനായത് - വൈശാഖൻ

→ വൈശാഖൻ എന്ന തൂലികനാമത്തിൽ അറിയപ്പെടുന്ന അദ്ദേഹത്തിന്റെ യാഥാർത്ഥ പേര് എം.കെ.ഗോപിനാഥൻ നായർ എന്നാണ്.

→ തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെ ചെയർമാനായിരുന്ന എം.ടി. വാസുദേവൻ നായരുടെ വിയോഗത്തെ തുടർന്നാണ് ആ സ്ഥാനത്തേക്ക് വൈശാഖൻ നിയമിതനായത്.

- 2025ൽ സിറിയയുടെ ഇടക്കാല പ്രസിഡന്റായി നിയമിതനായത് - അഹമ്മദ് അൽ-ഷറ
- കേരള കാർഷിക സർവകലാശാലയുടെ ഓണററി പ്രൊഫസറായി 2025ൽ നിയമിതനായ വയനാടിന്റെ പൈതൃക ജൈവ നെൽവിത്ത് സംരക്ഷകൻ - ചെറുവയൽ രാമൻ

→ പ്രൊഫസർ ഒഫ് പ്രാക്ടീസ് പദവിയിൽ ഒരു വർഷത്തേക്കാണ് നിയമനം.

- അയർലണ്ടിന്റെ പുതിയ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടത് - മൈക്കിൾ മാർട്ടിൻ
- കേന്ദ്ര കായിക മന്ത്രാലയം രൂപീകരിച്ച സ്പോർട്സ് എക്സ്പേർട്ട് അഡ്വൈസറി കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മുൻ മലയാളി അത്ലറ്റ് - ഷൈനി വിൽസൻ
- 2025 ഫെബ്രുവരിയിൽ യുഎസ് ദേശീയ ഇന്റലിജൻസ് ഡയറക്ടറായി നിയമിതയായത് - തുളസി ഗബ്ബാർഡ്
- ഇന്ത്യയുടെ പുതിയ മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണറായി നിയമിതനായത് - ഗ്യാനേഷ് കുമാർ
  - → തിരഞ്ഞെടുപ്പ് കമ്മീഷൻ (ഇസി) അംഗങ്ങളുടെ നിയമനം സംബന്ധിച്ച പുതിയ നിയമപ്രകാരം നിയമിക്കപ്പെടുന്ന ആദ്യത്തെ മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണറാണ് ഗ്യാനേഷ് കുമാർ.
- ഡൽഹിയുടെ പുതിയ മുഖ്യമന്ത്രി - രേഖ ഗുപ്ത
  - → ഡൽഹി മുഖ്യമന്ത്രിയാകുന്ന നാലാമത്തെ വനിതയാണ് രേഖ ഗുപ്ത. സുഷമ സ്വരാജ്, ഷീലാ ദീക്ഷിത്, അതിഷി എന്നിവരായിരുന്നു രേഖയുടെ മുൻഗാമികളായി അധികാരത്തിലിരുന്ന വനിത മുഖ്യമന്ത്രിമാർ.
- ഡൽഹിയുടെ പുതിയ ഉപമുഖ്യമന്ത്രി - പർവേഷ് വർമ
- പ്രധാനമന്ത്രിയുടെ രണ്ടാം പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിതനായ റിസർവ് ബാങ്ക് മുൻ ഗവർണർ - ശക്തികാന്ത ദാസ്
  - → നിലവിലെ പ്രിൻസിപ്പൽ സെക്രട്ടറി പി.കെ. മിശ്രയ്ക്ക് പുറമെയാണ് ശക്തികാന്ത ദാസ് രണ്ടാം പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിതനായത്.

- യുഎസ് സുരക്ഷ ഏജൻസിയായ ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ഡയറക്ടറായി നിയമിതനായ ഇന്ത്യൻ വംശജൻ - കാഷ് പട്ടേൽ
    - → ഈ പദവിയിലെത്തുന്ന ആദ്യ ഇന്ത്യൻ വംശജനാണ് കാഷ് പട്ടേൽ.
- ഡൽഹി നിയമസഭയിലെ പ്രതിപക്ഷ നേതാവായി തിരഞ്ഞെടുക്കപ്പെട്ട വനിതാ നേതാവ് - അതിഷി മർലേന
    - → ഡൽഹി നിയമസഭയിലെ ആദ്യ വനിത പ്രതിപക്ഷ നേതാവാണ് അതിഷി മർലേന.

## വിയോഗം

- 2025 ഫെബ്രുവരിയിൽ അന്തരിച്ച മുൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണറായിരുന്ന വ്യക്തി - നവീൻ ചൗള
    - → നവീൻ ചൗള 2005 മുതൽ 2009 വരെ തിരഞ്ഞെടുപ്പ് കമ്മീഷണറായും 2009 ഏപ്രിൽ മുതൽ 2010 ജൂലൈ വരെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറായും സേവനമനുഷ്ഠിച്ചു.
- 2025 ഫെബ്രുവരിയിൽ അന്തരിച്ച നമീബിയയുടെ സ്വാതന്ത്ര്യസമരസേനാനിയും ആദ്യപ്രസിഡന്റുമായിരുന്ന വ്യക്തി - സാം നുജോമ
    - → 1990-ലാണ് ആദ്യമായി സാം നുജോമ പ്രസിഡന്റാകുന്നത്. 2005 വരെ പദവിയിൽ തുടർന്നു.
- 2025 ഫെബ്രുവരിയിൽ അന്തരിച്ച 'പച്ച മനുഷ്യൻ' എന്നറിയപ്പെടുന്ന പരിസ്ഥിതി പ്രവർത്തകൻ - കല്ലൂർ ബാലൻ

- 2025 ഫെബ്രുവരിയിൽ അന്തരിച്ച മെഡിക്കൽ ബയോകെമിസ്ട്രി രംഗത്തെ പ്രമുഖ ശാസ്ത്രജ്ഞനും അധ്യാപകനുമായിരുന്ന മലയാളി - ഡോ. മാധവ ഭട്ടതിരി

  → 1985-ലെ കെമിസ്ട്രി നൊബേൽ സമ്മാന ജേതാവിനെ നിശ്ചയിക്കാനുള്ള അഞ്ചംഗ ജൂറിയിൽ അംഗമായിരുന്നു ഡോ. മാധവ ഭട്ടതിരി.

  → ലോകാരോഗ്യസംഘടനയിലും ഐക്യരാഷ്ട്രസഭയിലും പ്രവർത്തിച്ചിട്ടുണ്ട്.

- 2025 ഫെബ്രുവരിയിൽ അന്തരിച്ച ഹാലക്കി നാടൻപാട്ട് കലാകാരി - സുക്രി ബൊമ്മ ഗൗഡ

  → കർണാടക സ്വദേശി

  → 2017-ൽ രാജ്യം പദ്മശ്രീ നൽകി ആദരിച്ചു.

  → 1999ൽ 'ജനപദശ്രീ', 2006ൽ 'നാഡോജ' എന്നീ സംസ്ഥാന പുരസ്കാരങ്ങളും സ്വന്തമാക്കിയിട്ടുണ്ട്.

- 2025 ഫെബ്രുവരിയിൽ അന്തരിച്ച പ്രശസ്ത മലയാളി ചിത്രകാരൻ - മോപസാങ് വാലത്ത്

  → അദ്ദേഹത്തിന്റെ പ്രശസ്തമായ കൃതികളിൽ പത്മശ്രീ കലാമണ്ഡലം ഗോപിയെ അവതരിപ്പിക്കുന്ന നവരസ പരമ്പര ഉൾപ്പെടുന്നു, അത് ഇപ്പോൾ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനുള്ളിൽ സൂക്ഷിച്ചിരിക്കുന്നു.

- 2025 ഫെബ്രുവരിയിൽ അന്തരിച്ച ഇന്ത്യയുടെ മുതിർന്ന ബഹിരാകാശ ശാസ്ത്രജ്ഞനും, ഇന്ത്യയിൽ തദ്ദേശീയമായി വികസിപ്പിച്ച ആദ്യ ഉപഗ്രഹമായ ആപ്പിളിന്റെ പ്രൊജക്ട് ഡയറക്ടറുമായിരുന്ന വ്യക്തി - ആർ. എം. വാസഗം

    → തമിഴ്നാട് സ്വദേശി

    → 1982ൽ രാജ്യം അദ്ദേഹത്തെ പത്മശ്രീ നൽകി ആദരിച്ചു. പത്മശ്രീ അവാർഡ് ലഭിച്ച ഏറ്റവും പ്രായം കുറഞ്ഞ ഐഎസ്ആർഒ ശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം.

- 2025 ഫെബ്രുവരിയിൽ അന്തരിച്ച ഒഡീസി ഡാൻസിന്റെ പിതാവ് എന്നറിയപ്പെടുന്ന പ്രശസ്ത നർത്തകൻ - മായാധർ റൗട്ട്

    → ഒഡീഷ സ്വദേശി

    → ഒറീസ സംഗീത നാടക അക്കാദമി അവാർഡ് (1977), സംഗീത നാടക അക്കാദമി അവാർഡ് (1985), രാജീവ് ഗാന്ധി സദ്ഭാവന അവാർഡ് (2003) തുടങ്ങീ ഒട്ടേറെ ബഹുമതികൾ അദ്ദേഹം നേടിയിട്ടുണ്ട്.

    → 2010 ൽ രാജ്യം അദ്ദേഹത്തെ പത്മശ്രീ നൽകി ആദരിച്ചു.

- 2025 ഫെബ്രുവരിയിൽ അന്തരിച്ച ഒഡിയ ചലച്ചിത്ര നടൻ - ഉത്തം മൊഹന്തി

## റാങ്കിങ്

- 2025 ഫെബ്രുവരിയിൽ പ്രസിദ്ധീകരിച്ച ഹെൻലി പാസ്പോർട്ട് സൂചികയിൽ ഇന്ത്യയുടെ സ്ഥാനം - 80
  - → ഹെൻലി പാസ്പോർട്ട് സൂചിക 2025 പ്രകാരം 56 രാജ്യങ്ങളിൽ ഇന്ത്യക്കാർക്ക് വിസയില്ലാതെ സഞ്ചരിക്കാം.
  - → ഒന്നാം സ്ഥാനം - സിംഗപ്പൂർ
  - → രണ്ടാം സ്ഥാനം - ജപ്പാൻ, ദക്ഷിണ കൊറിയ
- ബെർലിൻ ആസ്ഥാനമായുള്ള ട്രാൻസ്പരൻസി ഇന്റർനാഷണൽ തയ്യാറാക്കിയ 2024 ലെ അഴിമതി കുറവുള്ള രാജ്യങ്ങളുടെ പട്ടികയിൽ (Corruption Perceptions Index 2024) ഇന്ത്യയുടെ സ്ഥാനം - 96
  - → ഏറ്റവും കുറഞ്ഞ അഴിമതിയുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഡെൻമാർക്ക് ഒന്നാം സ്ഥാനം നേടി.
  - → രണ്ടാം സ്ഥാനം - ഫിൻലാൻഡ്
  - → മൂന്നാം സ്ഥാനം - സിംഗപ്പൂർ
- തദ്ദേശസ്ഥാപനങ്ങളുടെ അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങളുടെ മികവ് വിലയിരുത്താൻ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം 2025 ഫെബ്രുവരിയിൽ പ്രസിദ്ധീകരിച്ച പഞ്ചായത്ത് അധികാര വികേന്ദ്രീകരണ സൂചികയിൽ കേരളത്തിന്റെ സ്ഥാനം - രണ്ട്
  - → കർണാടക ഒന്നാം സ്ഥാനവും, തമിഴ്നാട് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

## വേദികൾ

- വേൾഡ് ഓഡിയോ-വിഷ്വൽ ആൻഡ് എന്റർടൈൻമെന്റ് സമ്മിറ്റ് (WAVES) 2025 വേദി - ന്യൂഡൽഹി
- ആദ്യ ഇന്റർനാഷണൽ ഒളിമ്പിക് റിസർച്ച് കോൺഫറൻസിന് ആതിഥേയത്വം വഹിച്ച സംസ്ഥാനം - ഗുജറാത്ത്
- 2025ലെ ഐസിസി ചാമ്പ്യൻസ് ട്രോഫി വേദി - പാകിസ്ഥാൻ
- ഒമ്പതാമത് ഏഷ്യൻ വിന്റർ ഗെയിംസ് (AWG) വേദി - ഹാർബിൻ, ചൈന
- സുസ്ഥിര ഊർജ്ജ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കാർബൺ രഹിത കേരളം എന്ന ആശയത്തിന്റെ പ്രതിബദ്ധത ഉറപ്പാക്കുന്നതിന്റെയും ഭാഗമായി ഊർജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഓഫ് കേരളയുടെ (IEFK 2025) രണ്ടാം എഡിഷന് വേദിയായത് - തിരുവനന്തപുരം
    - → 'കാർബൺ രഹിത കേരളം ' എന്നതാണ് രണ്ടാം പതിപ്പിലെ പ്രമേയം.
    - → ഊർജ കാര്യക്ഷമത ഉറപ്പുവരുത്തുക, കാർബൺ ബഹിർഗമനം കുറയ്ക്കുക, ഊർജ സംരക്ഷണ പ്രവർത്തനങ്ങളിൽ ആഗോള സഹകരണം എന്നിവയാണ് ഐ.ഇ.എഫ്.കെയുടെ പ്രധാന ലക്ഷ്യം.

- കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ സംഘടിപ്പിക്കുന്ന 37-ാമത് കേരള സയൻസ് കോൺഗ്രസ് വേദി - തൃശൂർ
    - → പ്രമേയം - ഹരിത ഭാവിക്കു വേണ്ടിയുള്ള സാങ്കേതിക പരിവർത്തനം
- ഏഷ്യയിലെ ഏറ്റവും വലിയ വ്യോമ പ്രദർശനമായ എയ്റോ ഇന്ത്യ 2025 ന്റെ വേദി - യലഹങ്ക എയർഫോഴ്സ് സ്റ്റേഷൻ (ബംഗളൂരു)
- 4-ാമത് ദക്ഷിണേഷ്യൻ സീനിയർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന്റെ വേദി - റാഞ്ചി, ഝാർഖണ്ഡ്
- 2025 ലെ ബ്രിക്സ് ഉച്ചകോടിയുടെ വേദി - റിയോ ഡി ജനീറോ, ബ്രസീൽ
    - → ബ്രിക്സ് ഉച്ചകോടിയുടെ 17-ാമത് പതിപ്പ്.
- 23-ാമത് ദേശീയ പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന്റെ വേദി - ചെന്നൈ, തമിഴ്നാട്
- ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് രാജ്യത്തെ പ്രമുഖ വനിതാ മാധ്യമ പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് കേരള പത്രപ്രവർത്തക യൂണിയന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ദേശീയ വനിതാ മാധ്യമപ്രവർത്തക കോൺക്ലേവിന്റെ വേദി - തിരുവനന്തപുരം
    - → രാജ്യത്ത് തന്നെ ആദ്യമായാണ് സർക്കാർ തലത്തിൽ ദേശീയ വനിതാ മാധ്യമ കോൺക്ലേവ് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്നത്.

- 2025ലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആക്ഷൻ ഉച്ചകോടിയുടെ വേദി - ഫ്രാൻസ്
- 2025 ലെ ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടിയുടെ വേദി - കൊച്ചി, എറണാകുളം
  - → കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (KSIDC) നേതൃത്വം വഹിച്ച് വ്യവസായ-വാണിജ്യ വകുപ്പിന്റെ സഹകരണത്തിൽ സംഘടിപ്പിക്കുന്ന ഈ സമ്മേളനം കേരളത്തെ ആഗോള തലത്തിൽ നൂതനത്വത്തിന്റെയും നിക്ഷേപത്തിന്റെയും കേന്ദ്രമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സംഘടിപ്പിക്കുന്നത്.
- സ്കൂൾ ഓഫ് അൾട്ടിമേറ്റ് ലീഡർഷിപ്പ് (സോൾ) കോൺക്ലേവിന്റെ ആദ്യ പതിപ്പിന് വേദിയായത് - ഡൽഹി
- ഇന്ത്യൻ ഓഷ്യൻ കോൺഫറൻസ് എട്ടാമത് എഡിഷന്റെ വേദി - മസ്കറ്റ്, ഒമാൻ
  - → Theme - Voyages to New Horizons of Maritime Partnership
- ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം (എ.ഐ.എസ്.ഇ.എഫ്.) സംഘടിപ്പിക്കുന്ന 2025 ലെ അന്താരാഷ്ട്ര സുഗന്ധവ്യഞ്ജന സമ്മേളനത്തിന്റെ വേദി - ബെംഗളൂരു, കർണാടക
  - → Theme - Building Trust Beyond Borders
- കേരള സംഗീത നാടക അക്കാദമി സംഘടിപ്പിക്കുന്ന പതിനഞ്ചാമത് അന്താരാഷ്ട്ര നാടകോത്സവത്തിന്റെ (ഇറ്റ്ഫോക്) വേദി - തൃശ്ശൂർ

- കാർബൺ വിപണികളെക്കുറിച്ചുള്ള അന്താരാഷ്ട്ര സമ്മേളനമായ പ്രകൃതി 2025 ന്റെ വേദി - ന്യൂ ഡൽഹി
    - → വൈദ്യുതി മന്ത്രാലയത്തിന്റെയും പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെയും രക്ഷാകർതൃത്വത്തിൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയാണ് സമ്മേളനം സംഘടിപ്പിച്ചത്.

- 72-ാമത് മിസ് വേൾഡ് മത്സരങ്ങളുടെ വേദി - തെലങ്കാന, ഇന്ത്യ
    - → 71-ാമത് മിസ് വേൾഡ് മത്സരങ്ങളും ഇന്ത്യയിലാണ് നടന്നത്.

## സൈനികാഭ്യാസം

- ഇന്ത്യ-മാലിദ്വീപ് സംയുക്ത സൈനികാഭ്യാസം - എകുവേറിൻ
    - → എകുവെറിൻ സംയുക്ത സൈനികാഭ്യാസത്തിന്റെ 13-ാമത് പതിപ്പിന്റെ വേദി - മാലദ്വീപ്
    - → ദിവേഹി ഭാഷയിൽ 'എകുവേറിൻ' എന്ന പദത്തിന്റെ അർത്ഥം 'സുഹൃത്തുക്കൾ' എന്നാണ്.

- ഇന്ത്യയും ഈജിപ്തും തമ്മിലുള്ള സംയുക്ത സൈനികാഭ്യാസമായ സൈക്ലോണിന്റെ മൂന്നാം പതിപ്പിന്റെ വേദി - ബിക്കാനീർ, രാജസ്ഥാൻ

- ഇന്ത്യ ജപ്പാൻ സംയുക്ത സൈനിക അഭ്യാസം - ധർമ്മ ഗാർഡിയൻ

→ ഇന്ത്യ ജപ്പാൻ സംയുക്ത സൈനിക അഭ്യാസമായ ധർമ്മ ഗാർഡിയന്റെ ആറാമത് പതിപ്പിന്റെ വേദി - ജപ്പാൻ

## പ്രധാന ദിനങ്ങൾ

- ലോക തണ്ണീർത്തട ദിനം - ഫെബ്രുവരി 02
  → 2025 Theme : Protecting Wetlands for Our Common Future
  → 1971 ഫെബ്രുവരി 2 ന് ഇറാനിലെ കാസ്പിയൻ കടൽത്തീരത്തിലെ റാംസർ നഗരത്തിൽ വച്ച് ലോക തണ്ണീർത്തട ഉടമ്പടി ഒപ്പു വെക്കുകയുണ്ടായി. ഈ ദിവസത്തിന്റെ ഓർമ്മ നിലനിർത്താനും തണ്ണീർത്തടങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുമാണ് ഫെബ്രുവരി 2 ആഗോളതലത്തിൽ തണ്ണീർത്തടദിനമായി ആചരിക്കുന്നത്.
- ലോക കാൻസർ ദിനം - ഫെബ്രുവരി 4
  → 2025 Theme - United by Unique
  → കാൻസറിനെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും അതിന്റെ പ്രതിരോധം പ്രോത്സാഹിപ്പിക്കുന്നതിനും ഫെബ്രുവരി 4 ലോക കാൻസർ ദിനമായി ആചരിക്കുന്നു.
- International Day of Women and Girls in Science - ഫെബ്രുവരി 11
- ലോക റേഡിയോ ദിനം - ഫെബ്രുവരി 13

→ 1946 ഫെബ്രുവരി 13ന് ഐക്യരാഷ്ട്ര സഭ റേഡിയോ പ്രക്ഷേപണം ആരംഭിച്ചതിന്റെ ആദര സൂചകമായാണ് ഫെബ്രുവരി 13 ലോക റേഡിയോ ദിനമായി ആചരിക്കുന്നത്.

- ദേശീയ വനിതാദിനം - ഫെബ്രുവരി 13

→ ഇന്ത്യയുടെ വാനമ്പാടി എന്നറിയപ്പെടുന്ന സരോജിനി നായിഡുവിന്റെ ജന്മദിനമായ ഫെബ്രുവരി 13 ആണ് ഇന്ത്യ വനിതാദിനമായി ആചരിക്കുന്നത്.

- ലോക സാമൂഹ്യ നീതി ദിനം - ഫെബ്രുവരി 20

→ സാമൂഹ്യനീതിയുടെ തത്വങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാനാണ് എല്ലാ വർഷവും ഫെബ്രുവരി 20ന് ലോക സാമൂഹ്യനീതി ദിനമായി ആചരിക്കുന്നത്.

- അന്താരാഷ്ട്ര മാതൃഭാഷാ ദിനം - ഫെബ്രുവരി 21

→ 2025 Theme - "Silver Jubilee Celebration of International Mother Language Day."

→ ഭാഷയുടെ വൈവിധ്യം, ഭാഷയുമായി ബന്ധപ്പെട്ട സംസ്കാരം എന്നിവയുടെ സംരക്ഷണത്തെക്കുറിച്ച് ആളുകൾക്കിടയിൽ ബോധമുളവാക്കുക എന്ന ലക്ഷ്യത്തോടെയാണ് ലോകത്താകമാനം ഫെബ്രുവരി 21 അന്താരാഷ്ട്ര മാതൃഭാഷാ ദിനമായി ആഘോഷിക്കുന്നത്.

→ അന്താരാഷ്ട്ര മാതൃഭാഷാ ദിനത്തിന്റെ 25-ാം വാർഷികമാണ് 2025ൽ ആഘോഷിക്കുന്നത്.

- ദേശീയ ശാസ്ത്ര ദിനം - ഫെബ്രുവരി 28

  → 2025 Theme - 'Empowering Indian Youth for Global Leadership in Science and Innovation for Viksit Bharat'

  → 1928 ഫെബ്രുവരി 28 ന് ഇന്ത്യൻ ഭൗതികശാസ്ത്രജ്ഞനായ സർ സി വി രാമൻ 'രാമൻ പ്രഭാവം' കണ്ടെത്തിയതിന്റെ ഓർമ്മയ്ക്കായാണ് എല്ലാ വർഷവും ഫെബ്രുവരി 28 ന് ഇന്ത്യയിൽ ദേശീയ ശാസ്ത്ര ദിനം ആഘോഷിക്കുന്നത്.

# Thank You!

GET IT ON
Google Play